**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4649 13.11.2019 -ൽ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഘടന പുനഃപരിശോധിക്കാൻ നടപടി**

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി.

ശ്രീ.കെ.എൻ.എ.ഖാദർ

ശ്രീ.കെ.എം.ഷാജി

ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അധ്യാപക നിയമനം ഉൾപ്പെടെയുള്ള മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇപ്പോൾ താൽക്കാലിക നിയമനങ്ങൾ നടക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | ഈ അക്കാദമിക വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര സ്കൂൾ അധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ അധ്യയന വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഹൈസ്കൂളുകളിൽ 20 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. LPST-1 (തമിഴ്) അദ്ധ്യാപക നിയമനവും നടത്തിയിട്ടുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സ്റ്റാഫ് ഘടനയും ധർമ്മങ്ങളും പുനഃ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ കുറവു വരുന്നതായി കാണുന്നില്ല. ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് വഴി സ്ഥിര/ താൽക്കാലിക / ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നുണ്ട്. ഇതിനു പുറമെ എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ, നിയുക്തി പോലെയുള്ള മെഗാ ജോബ് ഫെയർ വഴിയും ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ വകുപ്പ് മുഖേന ധാരാളം നിയമനങ്ങൾ നടത്തുന്നുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കു വേണ്ടി കൈവല്യ എന്ന പദ്ധതിയും അതിജീവനം എന്ന തൊഴിൽ മേള വഴിയും വകുപ്പ് തൊഴിലവസരങ്ങൾ നൽകുന്നുണ്ട്.<br>നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സ്റ്റാഫ് ഘടനയും കർത്തവ്യങ്ങളും പുനഃപരിശോധിക്കുന്നതിന് നിർദ്ദേശങ്ങളൊന്നും പരിശോധനയിലില്ല. |

**സെക്ഷൻ ഓഫീസർ**